# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**അന്നപൂർണ്ണ പദ്ധതി**

2724 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 65 വയസ്സു തികഞ്ഞ മുതിർന്ന പൗരൻമാർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന 'അന്നപൂർണ്ണ പദ്ധതി' എന്നാണ് നടപ്പിൽ വരുന്നത്;

(ബി) സംസ്ഥാനത്ത് എത്ര അന്നപൂർണ്ണ പദ്ധതി ഗുണഭോക്താക്കൾ ഉണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് കഴിഞ്ഞ സാമ്പത്തികവർഷം എത്ര രൂപയാണ് ചെലവഴിച്ചത്; എത്രപേർക്ക് അതിന്റെ ഗുണം ലഭ്യമായി; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകുമോ;

(ഡി) ഈ സാമ്പത്തിക വർഷം അന്നപൂർണ്ണ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; ഇത് പര്യാപ്തമാണോ; അല്ലെങ്കിൽ എന്തുതുക അധികമായി വേണ്ടിവരുമെന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത്; പ്രസ്തുത തുക ലഭ്യമാക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>സപ്ലൈകോ ആധുനികവൽക്കരിക്കുന്നതിന് നടപടികൾ</u>

2725 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതിയ സപ്ലൈകോ ചില്ലറ വിൽപ്പനശാലകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഈ സർക്കാർ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(ബി) സപ്ലൈകോ ജീവനക്കാരുടെ അനുവദനീയമായ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(സി) സപ്ലൈകോ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം മാവേലിസ്റ്റോറുകളെ പരിഷ്കരിച്ച് ലാഭം സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനം അവസാനിപ്പിച്ച് സപ്ലൈകോ ജീവനക്കാർക്ക് ലഭിക്കേണ്ട പ്രൊമോഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സപ്ലൈകോയിലെ ന്യായവില വില്പനയുടെ വിശദാംശം**

**2726** **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വിൽപന കേന്ദ്രങ്ങളിലൂടെ ഏതെല്ലാം അവശ്യ വസ്തുക്കളാണ് ന്യായവിലക്കു വിൽപ്പന നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സപ്ലൈകോ പ്രസ്തുത സാധനങ്ങൾ ഓരോന്നും 2011 ജനുവരിയിൽ എന്തു വിലയ്ക്കാണു വിൽപ്പന നടത്തിയിരുന്നതെന്നും ഇപ്പോഴത്തെ അവയുടെ വിലനിലവാരം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) സപ്ലൈകോ വഴി വിൽപന നടത്തുന്ന അവശ്യ ഭക്ഷ്യസാധനങ്ങളിൽ ഓരോ ഇനവും 2010-2011 -ലും 2011 -2012-ലും എത്ര ക്വിന്റൽ വീതം വിൽപന നടത്തിയെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഭക്ഷ്യധാന്യ സംഭരണം</u>

2727 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് സിവിൽസപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നത്;

(സി) സപ്ലൈകോ ഓപ്പൺ മാർക്കറ്റിൽ നിന്നും ലോക്കൽ പർച്ചേസ്
വ്യവസ്ഥയിൽ വാങ്ങുന്ന സാധനങ്ങൾ എത്ര ശതമാനം ലാഭത്തിലാണ് വിൽക്കുന്നത്?

(ഡി) സപ്ലൈകോയിൽ 'ഇ' ടെൻഡർ സംവിധാനം നിലവിലുണ്ടോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>മാവേലി സ്റ്റോറുകൾ</u>**

**2728 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്തി എന്ന് അറിയിക്കുമോ ;

(ബി) 2011-2012 വർഷത്തിൽ പുതുതായി എവിടെയെല്ലാം മാവേലി സ്റ്റോറുകൾ ആരംഭിച്ചു ;

(സി) എത്ര സൂപ്പർ മാവേലി സ്റ്റോറുകളെ പീപ്പിൾസ് ബസാറുകൾ ആയി ഉയർത്തിയിട്ടുണ്ട് എന്നും അതെവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന മാവേലിസ്റ്റോർ</u>

2729 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോർ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് ഇവ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(സി) എല്ലാ നഗരങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും ഇവ തുടങ്ങുവാൻ നടപടിയെടുക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>മാവേലി സ്റ്റോറുകളും ലാഭം മാർക്കറ്റുകളും</u>**

**2730** **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ മാവേലിസ്റ്റോറുകളും ലാഭം സൂപ്പർ മാർക്കറ്റുകളും ആരംഭിച്ചുവെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;**

(ബി) **പുതിയ സ്റ്റോറുകൾ ആരംഭിക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോ;**

(സി) **ഗതാഗത സൗകര്യം, വിപനണസാധ്യത എന്നിവ കണക്കിലെടുത്ത് എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകളും ലാഭം മാർക്കറ്റുകളും ആരംഭിക്കുമോ?**

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### ന്യായവിലയിൽ നിത്യോപയോഗ സാധനങ്ങൾ

2731 ശ്രീ. ബെന്നി ബെഹനാൻ
,, പാലോട് രവി
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യായവിലയിൽ നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) മുൻവർഷങ്ങളേക്കാൾ എത്ര ശതമാനം കൂടുതൽ വിറ്റുവരവാണ് കോർപ്പറേഷന് ഉണ്ടായത്;

(സി) എത്ര പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങിയിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**മാവേലി ഹോട്ടലുകൾ**

**2732 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലി ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ഹോട്ടലുകളുടെ നിയന്ത്രണമില്ലാത്ത വിലവർദ്ധനവിനെ ചെറുക്കുന്നതിന് സഹായകമാകുന്ന എത്ര മാവേലി ഹോട്ടലുകൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നു;

(സി) എല്ലാ താലൂക്കാസ്ഥാനത്തിലും ഒരു 'മാവേലി ഹോട്ടൽ' എന്ന നിലയിൽ ആരംഭിച്ച് സ്വകാര്യ ഹോട്ടലുകളുടെ വില നിയന്ത്രണത്തിനുള്ള ശ്രമമുണ്ടാകുമോ;

(ഡി) മാവേലി ഹോട്ടലുകളിൽ ന്യായവിലയ്ക്ക് ആഹാര സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>മാവേലി സ്റ്റോറുകളിലെ സാധനങ്ങളുടെ ദൗർലഭ്യം</u>**

2733 **ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മാവേലി സ്റ്റോറുകളിലെ നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**അഞ്ചരക്കണ്ടിയിൽ മാവേലിസ്റ്റോർ**

**2734 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ
ഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ അനുവദിച്ചിരുന്നെങ്കിലും ആയതിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ചാലക്കുടി-അടിച്ചിലിയിലും പോട്ടയിലും പുതിയ മാവേലി സ്റ്റോറുകൾ**

2735 **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും ് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ മേലൂർ പഞ്ചായത്തിലെ നിലവിലുള്ള മാവേലിസ്റ്റോറിനു പുറമേ അടിച്ചിലിയിലും പോട്ടയിലും പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കുമെന്ന പ്രഖ്യാപനം**

**2736 ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള 75 മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യങ്ങളുള്ള സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) പ്രസ്തുത പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി മാവേലിസ്റ്റോറുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**നെല്ല് സംഭരണത്തിനുള്ള സംവിധാനങ്ങൾ**

T 2737 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നെല്ല് സംഭരണത്തിനായി ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത്;

(സി) കർഷകർക്ക് പ്രതിഫലം കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സംഭരണകാലയളവിൽ എത്ര ടൺ നെല്ല് സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**നെല്ല് സംഭരണത്തിലുണ്ടായ അപാകം**

2738 **ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍**
**,, കെ. എന്‍. എ. ഖാദര്‍**
**,, എന്‍. എ. നെല്ലിക്കുന്ന്**
**,, പി. കെ. ബഷീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണക്കാര്യത്തില്‍ അനുവര്‍ത്തിക്കാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ വിശദമാക്കുമോ ;

(ബി) ഈ വര്‍ഷം നെല്ല് സംഭരണത്തിന് കൂടുതല്‍ തുക വകയിരുത്തിയിട്ടുണ്ടോ ;

(സി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് നെല്ല് സംഭണത്തിലുണ്ടായ അപാകതകള്‍ സംബന്ധിച്ച പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ അവ പരിഹരിക്കുന്നതിനു സ്വീകരിക്കാനുദ്ദേശിക്കു നടപടികള്‍ സംബന്ധിച്ച വിശദവിവരം നല്‍കാമോ ;

(ഡി) സംസ്ഥാനത്ത് നെല്ലിന്റെ സംഭരണവില ഉയര്‍ന്നതായതിനാല്‍ അന്യ സംസ്ഥാന നെല്ല് കേരളത്തിലേയ്ക്ക് കടത്തി വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; അതു തടയാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ;

(ഇ) സംഭരണ സംവിധാനത്തിന്റെ അപര്യാപ്തത മൂലം കര്‍ഷകര്‍ ഉല്പാദിപ്പിക്കുന്ന നെല്ല് കളങ്ങളില്‍ നനഞ്ഞ് നശിക്കുന്ന മുന്‍കാല സംഭവങ്ങള്‍ ആവര്‍ത്തിക്കാതിരിക്കാന്‍ മുന്‍കരുതല്‍ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>നെല്ലുസംഭരണം - കുടിശ്ശിക നിവാരണം</u>

2739 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് നെല്ല് കൊടുത്ത കർഷകർക്ക് കഴിഞ്ഞ 3 മാസമായി പണം നൽകിയിട്ടില്ലയെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നെല്ല് നൽകിയ വകയിൽ സംസ്ഥാനത്തെ കർഷകർക്ക് എന്ത് തുക കുടിശ്ശികയായി ഇതേവരെ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോ ഇതെവരെ എത്ര ടൺ നെല്ല് സംഭരിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) നെല്ല് നൽകുന്ന കർഷകർക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ അവരുടെ അക്കൗണ്ടിലേയ്ക്ക് പണം കൊടുത്തിരുന്ന മുൻ സർക്കാരിന്റെ നയം തുടർന്നും നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**നെല്ല് സംഭരണത്തിനായി ഏജൻസികൾ**

T 2740 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണത്തിനായി ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) നെല്ല് സംഭരണത്തിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) നെല്ല് സംഭരണയിനത്തിൽ സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകേണ്ട കുടിശ്ശിക തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക കൊടുത്തു തീർക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>നെല്ല് സംഭരണത്തിന് കൊടുത്ത് തീർക്കേണ്ടതായ തുക</u>**

T2741 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽസപ്ളൈസും ഉപഭോക്തൃസംരക്ഷണവും രജി
സ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**നെല്ല് സംഭരണം നടത്തിയ ഇനത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുകവീതം കൊടുത്തുതീർക്കേണ്ടതായിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക**

2742 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് സംഭരിച്ച നെല്ലിന്റെ കുടിശിക തുക കർഷകർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) എത്ര കർഷകർക്കായി കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക എത്ര ദിവസത്തിനകം അനുവദിക്കുമെന്ന് വിശദമാക്കുമോ;

(ഡി) വരും വർഷങ്ങളൽ നെല്ലിന്റെ തുക കർഷകർക്ക് കാലതാമസം കൂടാതെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ - നെല്ല് സംഭരണം**

**2743 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ നെൽകർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) നെല്ല് സംഭരിച്ച വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകർക്ക് പണം നൽകുവാനുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) നെല്ല് സംഭരിച്ചശേഷം സമയബന്ധിതമായി പണം നൽകാത്തതുകാരണം ആലപ്പുഴ ജില്ലയിൽ ആത്മഹത്യ ചെയ്ത കർഷകന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെല്ല് സംഭരണം**

T2744 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലേയും, പൂയപ്പള്ളി, ആദിച്ചനെല്ലൂർ, കല്ലുവാതുക്കൽ, ചാത്തന്നൂർ, ചിറക്കര, പൂതക്കുളം എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെയും നെല്ല് സംഭരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഓരോ കൃഷി ഭവൻ പ്രദേശത്ത് നിന്നും എത്ര അളവിൽ നെല്ല് സംഭരിച്ചുവെന്നും പ്രസ്തുത ഇനത്തിൽ എത്ര രൂപാ കർഷകർക്ക് നൽകിയെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥലങ്ങളിലെ നെല്ല് സംഭരിക്കുന്നതിനായി കൃഷി വകുപ്പ് ഏതെങ്കിലും ഏജൻസിയെ നിശ്ചയിച്ചിരുന്നുവോ ; നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിരുന്നുവോ ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സപ്ലൈകോയിൽ വില്പനയ്ക്ക് നിയന്ത്രണം**

2745 ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
,, ബാബു എം. പാലിശ്ശേരി
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ നിത്യോപയോഗ സാധനങ്ങളുടെ വില്പനയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ആവശ്യത്തിന് സാധനങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയുണ്ടോ;

(ബി) സബ്സിഡി തുകയടക്കം സർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭിക്കാനുണ്ട്;

(സി) ഇത് ലഭിക്കാത്തതു മൂലം സ്ഥാപനത്തിന് പൊതുവിപണിയിൽ ഇടപെടാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) 2011 ഏപ്രിൽ 1 മുതൽ നാളിതുവരെയുള്ള സപ്ലൈകോ മൊത്ത വില്പനയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതേ കാലയളവിൽ സബ്സിഡി അനുവദിച്ച ഇനത്തിൽ ലഭിക്കേണ്ട തുക എത്ര; സർക്കാരിൽ നിന്നും ലഭിച്ച തുക എത്ര;

(ഇ) സപ്ലൈകോ വഴിയുള്ള മാർക്കറ്റ് ഇന്റർവെൻഷൻ ഓപ്പറേഷന് നടപ്പുവർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ എത്രയാണ്?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പൊതുവിതരണ കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്ന സാധനങ്ങൾ</u>

**2746 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങൾ വഴി കാർഡുടമകൾക്ക് ലഭ്യമാകുന്ന സാധനങ്ങളുടെ അളവ്, വില എന്നിവ വിശദമാക്കുമോ ;

(ബി) കിലോയ്ക്ക് ഒരു രൂപയുള്ള അരി എത്ര കാർഡുടകൾക്കാണ് നൽകിവരുന്നത്; ഓരോ കാർഡുടമയ്ക്കും എത്ര അളവിൽ നൽകുന്നുവെന്നും അറിയിയ്ക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ലിഫ്റ്റ് ചെയ്ത റേഷന്‍ ക്വാട്ട**

**2747** ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ 5 വര്‍ഷക്കാലം അനുവദിച്ച റേഷന്‍ ക്വാട്ടയില്‍ ലിഫ്റ്റ് ചെയ്ത ക്വാട്ടയെ സംബന്ധിച്ച് കണക്ക് വിവരിക്കാമോ;

(ബി) ഈ സര്‍ക്കാരിന്റെ കാലത്ത് അനുവദിച്ച റേഷന്‍ ക്വാട്ടയില്‍ ലിഫ്റ്റ് ചെയ്ത റേഷന്‍ ക്വാട്ടയുടെ കണക്ക് വിവരിക്കാമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**റേഷൻകടകളിൽ നിന്ന് എ. പി. എൽ. വിഭാഗത്തിൽ ലഭിക്കുന്ന ഉല്പന്നങ്ങൾ**

**2748** ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻകടകളിൽ നിന്ന് എ. പി. എൽ. വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് ലഭിക്കുന്ന ഉൽപ്പന്നങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**റേഷൻ വിതരണ പദ്ധതികൾ**

**2749 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ട് രൂപയ്ക്ക് ഒരു കിലോ അരി വിതരണ പദ്ധതി എപ്പോഴാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കി വരുന്ന ഒരു രൂപയ്ക്ക് ഒരു കിലോ അരി വിതരണ പദ്ധതിയുടെ ഗുണഭോക്താക്കളായ ബി. പി. എൽ കാർഡുടമകൾ എത്രയെന്നു വ്യക്തമാക്കുമോ;

(സി) 2010-2011 സാമ്പത്തിക വർഷം രണ്ട് രൂപയ്ക്ക് ഒരു കിലോഗ്രാം അരി വിതരണ പദ്ധതിക്ക് എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>റേഷൻ അരിയുടെ ഗുണമേൻമ</u>

2750 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്കരണത്തിന് നൽകുന്ന നെല്ലിനു പകരം നൽകുന്ന അരിയിൽ സ്വകാര്യമില്ലുകൾ മറുനാടൻ അരിയും കയറ്റിവിടുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമൂലം റേഷൻകടകളിൽ ഒരു രൂപ, രണ്ടു രൂപ നിരക്കിൽ വിതരണം ചെയ്യുന്ന അരിയുടെ ഗുണമേൻമ കുറയുന്നു എന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ**

2751 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, പാലോട് രവി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ;

(ബി) ആയതിനായി റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന ലോറികളിൽ ജി. പി. ആർ. എസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതുകൊണ്ടുളള നേട്ടങ്ങൾ എന്തെല്ലാമാണ് ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ**

**2752 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ച അവശ്യസാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിലേയ്ക്കായി സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുമെന്ന പദ്ധതി എന്നുമുതൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എ. പി. എൽ, ബി. പി. എൽ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാവർക്കും പ്രസ്തുത അനുകൂല്യം ലഭിക്കുമോ;

(സി) വിലവർദ്ധനവ് തടയുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**1 രൂപ, 2 രൂപ നിരക്കിലുള്ള അരിവിതരണം**

**2753 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 ഏപ്രിൽ 1 മുതൽ നാളിതുവരെ എത്ര കാർഡുടമകൾക്കാണ് പ്രതിമാസം 25 കിലോ അരി ഒരു രൂപാ നിരക്കിൽ നൽകിയത് ;

(ബി) ഏതെങ്കിലും മാസത്തിൽ പ്രസ്തുത അരിയുടെ വിതരണം പൂർണ്ണമായി നൽകുവാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മാസങ്ങളിലാണ് നൽകാൻ കഴിയാതിരുന്നത് ;

(സി) 2011 മാർച്ച് മുതൽ എത്ര കാർഡുടമകൾക്കാണ് 2 രൂപ നിരക്കിൽ അരി നൽകിയത് ;

(ഡി) ഇപ്പോൾ രണ്ട് രൂപ നിരക്കിൽ അരി നൽകുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം വിഭാഗങ്ങൾക്ക് എത്ര കിലോ അരി വീതമാണ് നൽകുന്നത് എന്നറിയിക്കാമോ; സപ്ലൈകോ-മാവേലി സ്റ്റോർ, ലാഭം സ്റ്റോർ തുടങ്ങിയ ന്യായവില ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില ഈ സർക്കാർ അധികാരമേറ്റശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തവണ ; എത്ര ശതമാനം വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**1 രൂപ, 2 രൂപ അരിയുടെ ഗുണഭോക്താക്കൾ**

**2754 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കിലോഗ്രാമിന് 2 രൂപ വച്ച് അരി നല്കാനുള്ള പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തി യിരുന്നത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയാണ് പ്രതിവർഷം ചെലവഴിച്ചിരിക്കുന്നത്;

(സി) കിലോഗ്രാമിന് 1 രൂപ വച്ച് അരി നല്കാനുള്ള പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്?

## വൈദ്യുതീകരിച്ച വീടുകൾക്കുള്ള മണ്ണെണ്ണ വിഹിതം നിറുത്തലാക്കൽ

2755 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതീകരിച്ച വീടുകൾക്ക് മണ്ണെണ്ണ വിഹിതം നൽകേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വീടുകൾക്കുള്ള മണ്ണെണ്ണ വിഹിതമാണ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം കാരണങ്ങളാലാണ് മണ്ണെണ്ണ വിഹിതം നിർത്തലാക്കാൻ തീരുമാനിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>റേഷൻകാർഡിനുള്ള അപേക്ഷകൾ</u>**

2756 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റേഷൻകാർഡുകൾക്കുള്ള എത്ര അപേക്ഷകളാണ് തീർപ്പു കല്പിക്കാനുണ്ടായിരുന്നത്;

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കിയോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കിട്ടിയ അപേക്ഷകൾ എത്രയാണ്, അവയിൽ എത്ര എണ്ണം തീർപ്പു കല്പിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര താലൂക്കിലെ മണ്ണെണ്ണ വിതരണം</u>

2757 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ
ഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിലെ ഉപഭോക്താക്കൾക്കുവേണ്ടി എത്ര കിലോലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ പ്രതിമാസം അലോട്ട് ചെയ്യുന്നത് ;

(ബി) കാർഡുടമകൾക്ക് പ്രതിമാസം എത്ര ലിറ്റർ മണ്ണെണ്ണ വീതം നല്കാൻ കഴിയും ;

(സി) മണ്ണെണ്ണയുടെ വിതരണം ഇപ്പോൾ ഇത്രയും കുറയാൻ കാരണമെന്ത് ;

(ഡി) പൊതുവിതരണ സമ്പ്രദായത്തിലൂടെ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വളരെ കുറയുമ്പോഴും കരിഞ്ചന്തയിൽ വളരെ ഉയർന്ന വിലയ്ക്ക് മണ്ണെണ്ണ ലഭിക്കുന്നുയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ സ്ഥിതി വിശേഷം നേരിടാൻ എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>മണ്ണെണ്ണയുടെ വിഹിതത്തിൽ വരുത്തിയ കുറവ്</u>

2758 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര കിലോലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പുസാമ്പത്തികവർഷം കേന്ദ്രത്തിൽ നിന്നും ലഭിക്കുവാനുള്ള മണ്ണെണ്ണ വിഹിതം എത്ര കിലോലിറ്റർ വെട്ടിക്കുറച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>എ. പി. എൽ. കാർഡുടകമൾക്കുള്ള മണ്ണെണ്ണ വിതരണം</u>**

**2759 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ
ഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെപ്പോലെ മറ്റേതൊക്കെ സംസ്ഥാനങ്ങളിലാണ് റേഷൻ കടകൾ വഴി എ. പി. എൽ. കാർഡുടമകൾക്ക് കാർഡൊന്നിന് പ്രതിമാസം അരലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ചാക്കുടിയിൽ പെട്രോൾ പമ്പും, ഗ്യാസ് ഔട്ട്ലെറ്റും</u>

2760 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദത്തിന്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ
ഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പെട്രോൾ പമ്പും, ഗ്യാസ് ഔട്ട്ലെറ്റും തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പാചകവാതക ഏജൻസികളുടെ ചൂഷണം</u>

**2761** **ശ്രീമതി ഇ.എസ്. ബിജിമോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ പാചകവാതക ഏജൻസികൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഗ്യാസ് ഏജൻസികൾ ഗ്യാസ് സിലിണ്ടറുകൾ വിതരണം ചെയ്യുമ്പോൾ ഉപഭോക്താക്കളിൽ നിന്ന് അധികതുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ ഗ്യാസ് കണക്ഷൻ എടുക്കുന്നവരെക്കൊണ്ട് ചില ഏജൻസികൾ നിർബന്ധപൂർവ്വം അടുപ്പ്, നിത്യോപയോഗ സാധനങ്ങൾ എന്നിവ വാങ്ങിപ്പിക്കുന്നത് ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**താമരശ്ശേരി പഞ്ചായത്തിലെ കറുത്തപറമ്പിൽ റേഷൻകട**

**2762 ശ്രീ. സി. മോയിൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ കാരശ്ശേരി പഞ്ചായത്തിലെ കറുത്ത പറമ്പിൽ ഒരു റേഷൻ കട അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തെ ജനങ്ങൾക്ക് ഇത് സൗകര്യപ്രദമാകുമെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വയനാട്ടിലെ ആദിവാസി കുടുംബങ്ങൾക്ക് റേഷൻ കാർഡ്**

**2763 ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കി കഴിഞ്ഞിട്ടുണ്ടോ ;

(ബി) ജില്ലയിൽറേഷൻ കാർഡ് ഇല്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ട് എന്നതിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(സി) വയനാട് ജില്ലയിലെ കാർഡില്ലാത്ത ആദിവാസി കുടുംബങ്ങൾക്കും കൂടി സിവിൽ സപ്ലൈസ് വകുപ്പു മുഖേന നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്</u>

2764 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജി
സ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിനുളളിൽ സിവിൽ സപ്ലൈസ് വകുപ്പിലും സപ്ലൈക്കോയിലും എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തുന്നുണ്ട്;

(ബി) ഇവർക്കെതിരെ വകുപ്പ് തലത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനുളളിൽ വിജിലൻസ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചത്;

(ഡി) ട്രിബ്യൂണൽ ഉത്തരവ് പ്രകാരം എന്തൊക്കെ ശിക്ഷാനടപടികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### സപ്ലൈകോയിലെ നിയമനങ്ങൾ

2765 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ വിവിധ സ്ഥാപനങ്ങളിൽ റിട്ടയർ ചെയ്ത ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദാംശം നൽകുമോ ;

(സി) ഇക്കാരണത്താൽ സപ്ലൈകോയുടെ സ്ഥാപനങ്ങളിൽ കാലാകാലങ്ങളായി ജോലി ചെയ്തുവരുന്നവരുടെ വരുമാനത്തിൽ വലിയ തോതിൽ കുറവുണ്ടാകുന്നതും ഉള്ള ജോലി തന്നെ നഷ്ടപ്പെടുന്നതും പരിഹരിക്കുവാൻനടപടിസ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വിവിധ വകുപ്പുകളിലെ പുതിയ പദ്ധതികൾ**

**2766 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 12.4.2012-ന് ഭക്ഷ്യസിവിൽ സപ്ലൈസ്, രജിസ്ട്രേഷൻ, ഉപഭോക്തൃസംരക്ഷണം എന്നീ വകുപ്പുകളിൽ ഏതിലെങ്കിലും നൂതന പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് വകുപ്പ്, ഇനം എന്നിവ തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(സി) ബന്ധപ്പെട്ട വകുപ്പുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഹോട്ടലുകളിൽ വില നിയന്ത്രണത്തിന് നടപടികൾ**

**2767 ശ്രീ. കെ. എം. ഷാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷ്യവിഭവങ്ങളുടെ വില അടിക്കടി വർദ്ധിപ്പിക്കുന്നതു നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വിലനിലവാരം പ്രദർശിപ്പിച്ചിട്ടുളള ഹോട്ടലുകളുടെ ബില്ലിൽ ഓരോ ഐറ്റത്തിന്റെയും വില പ്രത്യേകം രേഖപ്പെടുത്താതെ ഒറ്റത്തുക മാത്രം എഴുതി നൽകുന്നതു മൂലം ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### ഹോട്ടലുകളിലെ ഭക്ഷ്യ സാധന വില

2768 ശ്രീ. കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷ്യ സാധനങ്ങളുടെ വിലകളിൽ ഏകീകരണം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി ഹോട്ടലുകളെ തരംതിരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഇതിൻമേലുള്ള നടപടി സമയബന്ധിതമായി പൂർത്തിയാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഹോട്ടലുകളിലെ വില നിയന്ത്രണത്തിന് നിയമനിർമ്മാണം**

**2769** **ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് അനിയന്ത്രിതമായി വില വർദ്ധിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(ബി) **ഹോട്ടലുകളെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം ക്ലാസുകളായി തിരിച്ച് വില നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;**

(സി) **ഓരോ ക്ലാസുകൾക്കും വില-ഗുണ നിലവാരം ഒന്നായിരിക്കുന്നതിനും ക്ലാസിന്റെ മാനദണ്ഡമനുസരിച്ച് ടോയ്‌ലറ്റ്, മാലിന്യപ്ലാന്റ് തുടങ്ങിയവ ഉണ്ടായിരിക്കണമെന്നും നിർദ്ദേശിക്കുമോ ?**

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ഹോട്ടലുകൾ - വിലനിലവാരവും ഏകീകരണവും</u>

**2770** **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പല ഹോട്ടലുകളിലും വിലവിവരം പ്രദർശിപ്പിക്കുന്നില്ല എന്നുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടലുകളിലെ സൗകര്യങ്ങളും നിലവാരവും അനുസരിച്ച് അവയെ തരംതിരിക്കുന്നതിനും തരംതിരിവിന്റെ അടിസ്ഥാനത്തിൽ വില ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) സാധാരണക്കാർക്ക് പ്രാപ്യമായ തരത്തിൽ വില ഈടാക്കുന്ന മാവേലി ഹോട്ടലുകൾ പ്രധാന സ്ഥലങ്ങളിലെല്ലാം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>ഉപഭോക്തൃകോടതികളിലെ കേസുകൾ</u>**

2771 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃകോടതികളിൽ എത്ര കേസുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) 2011-2012 വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു;

(സി) ഏറ്റവുമധികം കേസുകൾ രജിസ്റ്റർ ചെയ്ത ജില്ല ഏതെന്നു വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വ്യാജരജിസ്ട്രേഷൻ**

2772 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രമാണങ്ങളുടെ വ്യാജ പകർപ്പുകളും യഥാർത്ഥ ആധാരത്തിന്റെ പകർപ്പുകളും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രമാണങ്ങളുടെ ഒറിജിനൽ തന്നെ, ആധാരം നടത്തുന്ന സമയത്ത് വേണമെന്ന് നിയമത്തിൽ ഭേദഗതി വരുത്തുമോ;

(സി) വ്യാജ രജിസ്ട്രേഷൻ തടയാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ആധാരം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം പോക്കുവരവും നടത്തുന്നതിന് കമ്പ്യൂട്ടർ സഹായത്താൽ വില്ലേജ് രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### ഫേയര്‍ വാല്യു നിര്‍ണ്ണയം

2773

ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഫെയര്‍ വാല്യു നിര്‍ണ്ണയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനില്‍ക്കുന്ന പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ആയവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ്;

(ബി) ഇതുമായി ബന്ധപ്പെട്ട പരാതികള്‍ ഏറ്റവും അധികം ഉണ്ടായിട്ടുളള ജില്ല ഏതാണ്;

(സി) കുറ്റമറ്റ രീതിയില്‍ ഫെയര്‍ വാല്യു നിര്‍ണ്ണിയിക്കുന്നതിന് തടസ്സം നില്ക്കുന്ന ഘടകങ്ങള്‍ എന്തെല്ലാമാണ്;

(ഡി) ഫെയര്‍ വാല്യുവുമായി ബന്ധപ്പെട്ട് കളക്ടര്‍മാര്‍ നല്കുന്ന നിര്‍ദ്ദേശങ്ങള്‍ രജിസ്ട്രാര്‍മാര്‍ പാലിക്കുന്നില്ല എന്നകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>പ്രാദേശിക വിലയുടെ അടിസ്ഥാനത്തിൽ</u>**
**<u>ഫെയർ വാല്യൂ നിശ്ചയിക്കൽ</u>**

**2774 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ പ്രാദേശിക വിലയുടെ അടിസ്ഥാനത്തിൽ ഫെയർ വാല്യൂ നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; എന്ന് വ്യക്തമാക്കാമോ ?**

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**രജിസ്ട്രേഷൻ ഫീസ് നിരക്കിലെ ഇളവുകൾ**

2775 ശ്രീ. വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുളള ഫീസ് നിരക്കിൽ എന്തെല്ലാം ഇളവുകളാണ് വരുത്തിയിട്ടുളളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഇളവുകൾ ഏതെല്ലാം വിഭാഗക്കാർക്കാണ് നൽകിയത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇളവുകൾ നൽകിയ വിഭാഗക്കാർക്ക് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ എന്തെല്ലാം ആശ്വാസങ്ങൾ നൽകുകയുണ്ടായെന്നറിയിക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**കാട്ടാരക്കര സബ്രജിസ്ട്രാർ ഓഫീസ് മോഡണൈസേഷൻ**

**2776 ശ്രീമതി. പി. അയിഷാപോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര സബ്‌രജിസ്ട്രാർ ആഫീസിലെ ലാന്റ് റെക്കോർഡ് മോഡണൈസേഷൻ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പദ്ധതി നടത്തിപ്പിന് ചുമതലപ്പെടുത്തിയിരുന്നത് ആരെയാണ്;

(സി) ഇതിനായി എന്തു തുകയ്ക്കുള്ള ഭരണാനുമതിയാണ് ലഭിച്ചിരുന്നത്;

(ഡി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?